10
ബുധൻ
മെയ് 2023
1198 മേടം 26
പേജ് 14, വില ₹ 8.50

തിരുവനന്തപുരം
കോഴിക്കോട് | കൊച്ചി | കണ്ണൂർ | കോട്ടയം | തൃശൂർ
മലപ്പുറം | പാലക്കാട് | ആലപ്പുഴ | കൊല്ലം

www.deshabhimani.com
facebook.com/deshabhimani
@DBIDaily
dbitvm@gmail.com

# ദേശാഭിമാനി

ESTD. 1942

**കോൺഗ്രസിന് അക്കൗണ്ടബിലിറ്റിയില്ല. ഉത്തരവാദിത്വമില്ലാത്ത സംവിധാനമാണുള്ളത്**
**കെ സുധാകരൻ**
കെപിസിസി പ്രസിഡന്റ്
05

05  യൂത്ത് കോൺഗ്രസിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു

07  തൊഴിൽ കോഡിൽ തൊടാനാകാതെ കേന്ദ്രം



## മെസി സൗദിയിലേക്ക് ?

**പാരിസ്**

അർജന്റീന സൂപ്പർതാരം ലയണൽ മെസി സൗദി അറേബ്യൻ ലീഗിൽ കളിച്ചേക്കുമെന്ന് സൂചന. മെസിയെ വൻതുക മുടക്കി സൗദി ക്ലബ് അൽ ഹിലാൽ കൂടാരത്തിൽ എത്തിക്കുമെന്ന് പ്രധാന വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു. എന്നാൽ, ഇക്കാര്യത്തിൽ ഔദ്യോഗിക സ്ഥിരീകരണമില്ല. മെസിയുടെ അച്ഛൻ ഹോർജെ മെസി ഇക്കാര്യം നിഷേധിച്ചു. നിലവിൽ ഒരു ക്ലബ്ബുമായും കരാറായിട്ടില്ലെന്ന് ഹോർജെ വ്യക്തമാക്കി. പോർച്ചുഗൽ താരം ക്രിസ്റ്റ്യാനോ റൊണാൾഡോ സൗദി ക്ലബ് അൽ നാസെറിലാണ്.

ഫ്രഞ്ച് ക്ലബ് പിഎസ്ജിയിലാണ് മെസി.

P05 P07
**സുരക്ഷിത ജലയാത്രക്ക് മുമ്പേ സംവിധാനമൊരുക്കി**

**റഷ്യക്കെതിരെ പാശ്ചാത്യരാജ്യങ്ങൾ യുദ്ധം ചെയ്യുന്നു: പുടിൻ**

### ഹെഡ്മാഷ്



മണിപ്പൂരിൽ സ്ഥിതി നിയന്ത്രണ വിധേയമെന്ന് അമിത്ഷാ

**അവടുത്തെ അമിട്ട് ഇവിടെ വേണ്ട**

## താനൂർ ദുരന്തം

# ബോട്ടുടമയ്ക്ക് കൊലക്കുറ്റം

- 14 ദിവസം റിമാൻഡിൽ
- ബോട്ട് ഡ്രൈവർ ദിനേശനും രണ്ടു ജീവനക്കാരും ഒളിവിൽ
- മനഃപൂർവമായ നരഹത്യയെന്ന് ജില്ലാ പൊലീസ് മേധാവി

**സ്വന്തം ലേഖകൻ**

**മലപ്പുറം**

താനൂർ ഒട്ടുംപുറം പൂരപ്പുഴയിൽ അപകടത്തിൽപ്പെട്ട ‘അറ്റ്‌ലാന്റിക്' ബോട്ടിന്റെ ഉടമ പാട്ടരകത്ത് നാസറിന് പൊലീസ് കൊലക്കുറ്റം ചുമത്തി. ഐപിസി 302, 280, 337, 338 വകുപ്പുകളാണ് ചുമത്തിയത്. ചൊവ്വാഴ്ച പരപ്പനങ്ങാടി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ നാസറിനെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. അറിഞ്ഞുകൊണ്ട് യാത്രക്കാരെ അപകടത്തിലേക്ക് തള്ളിവിട്ടെന്ന അന്വേഷക സംഘത്തിന്റെ നിഗമനത്തിലാണ് കൊലക്കുറ്റം.

അപകടത്തിനുപിന്നാലെ ഒളിവിൽപോയ നാസറിനെ കോഴിക്കോട് എലത്തൂരിലെ ബന്ധുവീട്ടിൽനിന്നാണ് പൊലീസ് പിടികൂടിയത്. ചൊവ്വാഴ്ച മലപ്പുറത്തെത്തിച്ച് അറസ്റ്റ് രേഖപ്പെടുത്തി.

ആദ്യം അസ്വാഭാവിക മരണത്തിനാണ് കേസെടുത്തത്. ജില്ലാ പൊലീസ് മേധാവി എസ് സുജിത് ദാസിന്റെ നേതൃത്വത്തിൽ ചോദ്യം ചെയ്തശേഷമാണ് ബോധപൂർവമായ നരഹത്യക്ക് കൊലക്കുറ്റം ചുമത്തി കോടതിയിൽ റിമാൻഡ് റിപ്പോർട്ട് നൽകിയത്. കൂടുതൽ ചോദ്യംചെയ്യലിനും തെളിവെടുപ്പിനുമായി കസ്റ്റഡിയിൽ ആവശ്യപ്പെട്ട് ബുധനാഴ്ച കോടതിയിൽ അപേക്ഷ നൽകും.

ബോട്ടിൽ ഡ്രൈവർ ദിനേശൻ ഉൾപ്പെടെ മൂന്ന് ജീവനക്കാരുണ്ടായിരുന്നുവെന്ന് പൊലീസ് കണ്ടെത്തി. ഇവർ ഒളിവിലാണ്. ഇവർക്കായുള്ള തെരച്ചിൽ ഊർജിതമാക്കി. താനൂർ ഡിവൈഎസ്പി വി വി ബെന്നിയുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘമാണ് കേസ് അന്വേഷിക്കുന്നത്. ബോട്ട് കുസാറ്റിലെ വിദഗ്ധ സംഘം പരിശോധിക്കും. ഞായർ രാത്രി ഏഴേമുക്കാലോടെയാണ് ഒട്ടുംപുറം പൂരപ്പുഴയിൽ ബോട്ട് മറിഞ്ഞത്. 22 പേർ മരിച്ചു. 10 പേർ ചികിത്സയിലാണ്.






ബോട്ടപകടത്തിലെ പ്രതി നാസറിനെ തിരൂർ സബ് ജയിലിലേക്ക് കൊണ്ടുപോകുന്നു

### അടിമുടി നിയമലംഘനം

അറ്റ്‌ലാന്റിക് ബോട്ട് സർവീസ് നടത്തിയത് അടിമുടി നിയമം ലംഘിച്ച്. ഡ്രൈവർ ദിനേശന് ബോട്ട് ഓടിക്കാനുള്ള ലൈസൻസ് ഇല്ല. രാത്രി ആറിനുശേഷം സവാരി പാടില്ലെന്നതും പാലിച്ചില്ല. താഴത്തെ നിലയിൽമാത്രം ആളുകളെ ഉൾക്കൊള്ളാവുന്ന ബോട്ടിൽ മുകളിലെ നിലയിലും യാത്രക്കാരെ കയറ്റി. ലൈഫ് ജാക്കറ്റും ഉണ്ടായില്ല. 22 യാത്രക്കാരും ഡ്രൈവറും സഹായിയും ഉൾപ്പെടെ 24 പേർക്കാണ് ബോട്ടിൽ കയറാൻ അനുമതി. എന്നാൽ, 37 യാത്രക്കാരുൾപ്പെടെ 40 പേർ ബോട്ടിലുണ്ടായിരുന്നതായാണ് പൊലീസ് റിപ്പോർട്ട്.

# ഇമ്രാൻ അറസ്റ്റിൽ; പാകിസ്ഥാനിൽ കലാപം

- അറസ്റ്റ് മറ്റൊരു കേസിൽ കോടതിയിൽ ഹാജരാകാൻ എത്തിയപ്പോൾ
- സൈനിക കേന്ദ്രങ്ങളിലേക്ക് കടന്നുകയറി ഇമ്രാൻ അനുകൂലികൾ



പാകിസ്ഥാൻ മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാനെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് റോഡ് ഉപരോധിക്കുന്നവർ ഫോട്ടോ: എഎഫ്‌പി

**ഇസ്ലാമാബാദ്**

അഴിമതിക്കേസിൽ വിചാരണ നേരിടാൻ എത്തിയ പാകിസ്ഥാൻ മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാനെ കോടതിമുറ്റത്തുനിന്ന് അറസ്റ്റ് ചെയ്ത് സൈന്യം. പിന്നാലെ രാജ്യമെമ്പാടും പ്രതിഷേധം ശക്തമാക്കി ഇമ്രാന്റെ പാർടിയായ പാകിസ്ഥാൻ തെഹ്‌രീക് ഇ ഇൻസാഫ് (പിടിഐ). ഇസ്ലാമാബാദ്, പെഷാവർ എന്നിവിടങ്ങളിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചു. ലാഹോറിൽ പ്രക്ഷോഭകർ സൈനിക കമാൻഡറിന്റെ വീട് തകർത്തു. റാവിൽപിണ്ടിയിൽ സൈനിക ഹെഡ്ക്വാർട്ടേഴ്സിൽ അതിക്രമിച്ച് കയറി. ക്വെറ്റയിൽ സൈനിക ചെക്ക് പോസ്റ്റ് തകർത്തു. വിവിധയിടങ്ങളിൽ പൊലീസുമായി ഏറ്റുമുട്ടലുണ്ടായി. കറാച്ചി ഉൾപ്പെടെ പ്രധാന നഗരങ്ങളിലെല്ലാം ഗതാഗതം തടസ്സപ്പെട്ടു. സൈന്യം തന്നെ വധിക്കാൻ പദ്ധതിയിടുന്നതായി തിങ്കളാഴ്ച ഇമ്രാൻ ആരോപിച്ചിരുന്നു.

ചൊവ്വാഴ്ച ഇസ്ലാമാബാദ് ഹൈക്കോടതി ഗേറ്റ് കടന്നെത്തിയ ഇമ്രാനെ അർധസൈനിക വിഭാഗമായ നാഷണൽ അക്കൗണ്ടബിലിറ്റി ബ്യൂറോയിലെ അംഗങ്ങൾ കസ്റ്റഡിയിലെടുക്കുകയായിരുന്നു. കോടതിയിൽ പ്രവേശിക്കുന്നതിന് മുന്നോടിയായി സുരക്ഷാപരിശോധനയ്ക്ക് വിധേയനാകവെ ചില്ലുവാതിൽ തകർത്തെത്തിയ സൈനികർ ഇമ്രാന്റെ കൂടെയുണ്ടായിരുന്ന അഭിഭാഷകരെയും മറ്റും തല്ലിച്ചതച്ചാണ് അദ്ദേഹത്തെ കസ്റ്റഡിയിൽ എടുത്തതെന്ന് അന്താരാഷ്ട്ര വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു.



ഇമ്രാൻ ഖാൻ

കള്ളപ്പണം വെളുപ്പിക്കാനായി വൻ തുക കൈക്കൂലിവാങ്ങിയെന്ന കേസിലാണ് അറസ്റ്റ്. ഖജനാവിന് നഷ്ടം വരുത്തിയതിനാണ് ഇമ്രാനെ അറസ്റ്റ് ചെയ്തതെന്ന് ആഭ്യന്തരമന്ത്രി റാണ സനവുള്ള പറഞ്ഞു. ദേഹോപദ്രവം ഏൽപ്പിച്ചെന്ന ആരോപണം തള്ളി.

കോടതി പരിസരത്ത് കടന്നുകയറി അറസ്റ്റ് ചെയ്തതിൽ പൊലീസ്, പാരാമിലിട്ടറി റേഞ്ചേഴ്സ് ഉന്നത ഉദ്യോഗസ്ഥർക്ക് കോടതി നോട്ടീസ് അയച്ചു.

# കർണാടകം ഇന്ന് വിധിയെഴുതും

**ബംഗളൂരു**

കർണാടകത്തിൽ 224 നിയമസഭാ മണ്ഡലത്തിലെ 5.21 കോടി വോട്ടർമാർ ബുധനാഴ്ച പോളിങ് ബൂത്തിലേക്ക്. കർശന സുരക്ഷയിൽ 58,282 പോളിങ് സ്റ്റേഷനാണ് ഒരുക്കിയിട്ടുള്ളത്. ഫലപ്രഖ്യാപനം ശനിയാഴ്ച. ഭരണവിരുദ്ധ വികാരത്തെ നേരിടാൻ തീവ്രവർഗീയ പ്രചാരണമാണ് ബിജെപി നടത്തിയത്. പ്രധാനമന്ത്രി നരേന്ദ്ര മോദി, അമിത് ഷാ, യോഗി ആദിത്യനാഥ് തുടങ്ങിയവരാണ് പ്രചാരണം നയിച്ചത്. ബിജെപി സ്ഥാനാർഥികൾക്ക് വോട്ടഭ്യർഥിച്ച് ചൊവ്വാഴ്ച മോദി വോട്ടർമാർക്ക് തുറന്ന കത്തെഴുതി.




ബിജെപിയിൽനിന്ന് ലിംഗായത്ത് നേതാവ് ജഗദീഷ് ഷെട്ടാറിനെ ഒപ്പം ചേർക്കാനായത് നേട്ടമാകുമെന്ന പ്രതീക്ഷയിലാണ് കോൺഗ്രസ്. രാഹുലും പ്രിയങ്കയും കോൺഗ്രസിനായി പ്രചാരണം നയിച്ചു. ജെഡിഎസിന്റെ പ്രകടനം നിർണായകമാകും. ബിജെപി പിന്നാക്കം പോകുമെന്നാണ് മിക്ക പ്രീപോൾ സർവ്വേകളും സൂചിപ്പിക്കുന്നത്. ബിജെപി വിരുദ്ധ വോട്ട് ഭിന്നിച്ചുപോകാതിരിക്കാൻ സിപിഐ എം നാലു സീറ്റിൽ മാത്രമാണ് മത്സരിച്ചത്.



ഡൽഹി ജന്തർമന്തറിലെ ഗുസ്തി താരങ്ങളുടെ സമരവേദിയിൽ ഡിവൈഎഫ്ഐ അഖിലേന്ത്യ പ്രസിഡന്റ് എ എ റഹിം എംപിയും ജനറൽ സെക്രട്ടറി ഹിമാഗ്നരാജ് ഭട്ടാചാര്യയും ബജരംഗ് പൂനിയ, വിനേഷ് ഫോഗട്ട്, സംഗീത ഫോഗട്ട് എന്നിവരുമായി സംസാരിക്കുന്നു (പേജ്: 07)

# നീചമായ വേട്ടയാടൽ: എസ്ആർഐടി സിഇഒ

- അടുത്തവർഷം കേരളത്തിൽ തുടങ്ങാനിരുന്ന 820 കോടിയുടെ പദ്ധതി ഉപേക്ഷിക്കും
- തെറ്റായ പ്രചാരണം നടത്തുന്നവർക്കെതിരെ നിയമനടപടി

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

മാധ്യമങ്ങളും പ്രതിപക്ഷവും നടത്തുന്നത് നീചമായ വേട്ടയാടലെന്ന് എസ്ആർഐടി സിഇഒ ഡോ. മധു നമ്പ്യാർ. എഐ കാമറ വിവാദങ്ങൾ വേദനിപ്പിച്ചു. കേരളത്തിലെ നിക്ഷേപം നിർത്തുമെന്ന സൂചനയും കൈരളി ന്യൂസിന് നൽകിയ അഭിമുഖത്തിൽ മധു നമ്പ്യാർ നൽകി.

സേഫ് കേരള പദ്ധതിയിൽ കെൽട്രോണിൽനിന്ന് ടെൻഡറിലൂടെ കരാർ നേടിയ എസ്ആർഐടി പദ്ധതി പൂർത്തിയാക്കിയിരുന്നു. കേരളത്തിലെ സർക്കാരിൽനിന്ന് കമ്പനിക്ക് മികച്ച പിന്തുണയാണുള്ളത്. ഏതെങ്കിലും രീതിയിലുള്ള തൊഴിൽ പ്രശ്നമോ ട്രേഡ് യൂണിയൻ പ്രശ്നമോ കമ്പനിയിലില്ല. അടുത്ത വർഷം കേരളത്തിൽ തുടങ്ങാനിരുന്ന 820 കോടിയുടെ പദ്ധതി ഉപേക്ഷിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ആയിരത്തിലധികം തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനമാണ് എസ്ആർഐടി. സുതാര്യമായ ടെൻഡർ നടപടിയാണ് കേരളത്തിലുള്ളത്. അതിനാലാണ് കെ ഫോണിലേക്കും വരുന്നത്. പ്രവൃത്തിപരിചയമില്ല എന്നത് കള്ളപ്രചാരണമാണ്. 18 രാജ്യത്തും ഇന്ത്യയിൽ 19 സംസ്ഥാനത്തും പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. തെറ്റായ പ്രചാരണം നടത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്നും മധു നമ്പ്യാർ വ്യക്തമാക്കി.



മധു നമ്പ്യാർ

P05
**കേരളം വിടുന്നത് ലോകപ്രശസ്ത സ്ഥാപനം**

# കലാകിരീടം മാർ ഇവാനിയോസിന്

**അമ്പലപ്പുഴ**

അഞ്ചുനാൾ കുഞ്ചന്റെ മണ്ണിൽ നടന്ന കേരള സർവകലാശാല യുവജനോത്സവം ‘ഏകത്വ'യുടെ കലാകിരീടം തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിന്. തുടർച്ചയായി എട്ടാം തവണയാണ് മാർ ഇവാനിയോസ് ജേതാക്കളാകുന്നത്. ആദ്യദിനം മുതലുള്ള മുന്നേറ്റം നിലനിർത്തിയാണ് ഇവരുടെ വിജയം. 273 പോയിന്റ് ഇവർ നേടി. 237 പോയിന്റ് നേടിയ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിനാണ് രണ്ടാംസ്ഥാനം. തിരുവനന്തപുരം സ്വാതി തിരുനാൾ സംഗീത കോളജ് (191) മൂന്നാംസ്ഥാനം നേടി. വഴുതക്കാട് ഗവ. വനിതാ കോളജ് (129), കേരള യൂണിവേഴ്സിറ്റി കാമ്പസ് (96) എന്നിവരാണ് തൊട്ടുപിന്നിൽ.

**കലാപൂരം കൊടിയിറങ്ങി** P12




▪ മുസ്ലിം സംവരണ വിരുദ്ധ പ്രസ്താവന

# അമിത് ഷായ്ക്ക് സുപ്രീംകോടതിയുടെ രൂക്ഷവിമർശം



- പൊതുപദവികളിലിരിക്കുന്നവർ പ്രതികരണങ്ങളിൽ നിയന്ത്രണം പുലർത്തണം

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

കർണാടകത്തിലെ നാലുശതമാനം മുസ്ലിം സംവരണം റദ്ദാക്കിയ നടപടി തെരഞ്ഞെടുപ്പ് റാലികളിൽ ആവർത്തിച്ചു പ്രഖ്യാപിച്ച കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായ്ക്ക് സുപ്രീംകോടതിയുടെ രൂക്ഷവിമർശം. വിഷയം സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കെ പരസ്യപ്രസ്താവന നടത്തിയത് എന്തിനാണെന്ന് ജസ്റ്റിസ് കെ എം ജോസഫ് അധ്യക്ഷനായ മൂന്നംഗ ബെഞ്ച് ആരാഞ്ഞു.

മുതിർന്ന അഭിഭാഷകൻ ദുഷ്യന്ത് ദവേയാണ് വിഷയം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. അമിത് ഷായുടെ പ്രസ്താവനകൾ കോടതിയലക്ഷ്യമാണെന്ന് ദുഷ്യന്ത്ദവേ പറഞ്ഞു. പൊതുപദവികൾ കൈയാളുന്നവർ നിയന്ത്രണം പുലർത്തേണ്ടതുണ്ടെന്ന് മൂന്നംഗ ബെഞ്ചിൽ അംഗമായ ജസ്റ്റിസ് ബി വി നാഗരത്ന പ്രതികരിച്ചു. സുപ്രീംകോടതിയുടെ പരിഗണനയിലുള്ള വിഷയത്തിൽ ഇത്തരം പ്രസ്താവന നടത്താൻ പാടില്ലായിരുന്നെന്ന് ജസ്റ്റിസ് നാഗരത്ന നിരീക്ഷിച്ചു. കോടതി പരിഗണനയിലുള്ള വിഷയത്തിൽ 1971ൽ വാർത്താസമ്മേളനം നടത്തി പ്രതികരിച്ച പശ്ചിമബംഗാൾ മുഖ്യമന്ത്രിക്കെതിരെ കോടതിയലക്ഷ്യ നടപടി സ്വീകരിച്ചിട്ടുള്ള കാര്യം ജസ്റ്റിസ് കെ എം ജോസഫ് ഓർമിപ്പിച്ചു. സോളിസിറ്റർ ജനറൽ തുഷാർമെഹ്ത ആവശ്യപ്പെട്ടതിനെത്തുടർന്ന് കേസ് പരിഗണിക്കുന്നത് മാറ്റിവച്ചു.

ബിജെപി സർക്കാരാണ് മുസ്ലിങ്ങൾക്കുള്ള നാലു ശതമാനം സംവരണം റദ്ദാക്കിയതെന്ന് കർണാടക നിയമസഭാ തെരഞ്ഞെടുപ്പ് റാലികൾക്കിടെ അമിത് ഷാ ആവർത്തിച്ച് പ്രഖ്യാപിച്ചിരുന്നു. മതാടിസ്ഥാനത്തിൽ സംവരണം ഭരണഘടനാ വിരുദ്ധമാണെന്നും അതിനാലാണ് ഈ തീരുമാനമെടുത്തതെന്നും അവകാശപ്പെട്ടു. കോൺഗ്രസ് അധികാരത്തിൽ വന്നാൽ മുസ്ലിം സംവരണം പുനഃസ്ഥാപിക്കുമെന്നും ഷാ പറഞ്ഞു.

സംവരണം റദ്ദാക്കിയ നടപടിയുടെ യുക്തി ചോദ്യംചെയ്ത സുപ്രീംകോടതി സൂക്ഷ്മമായ പരിശോധന വേണമെന്ന് നേരത്തേ നിലപാടെടുത്തിരുന്നു. അതുവരെ, സംവരണം റദ്ദാക്കിയുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങളോ പ്രവേശനങ്ങളോ നടത്തില്ലെന്ന് കർണാടക സർക്കാർ കോടതിക്ക് ഉറപ്പുനൽകിയിരുന്നു.

# രാജസ്ഥാൻ കോൺഗ്രസിൽ വീണ്ടും പൊട്ടിത്തെറി

- ഗെലോട്ടിന്റെ നേതാവ് വസുന്ധര രാജെയെന്ന് സച്ചിൻ പൈലറ്റ്
- ബിജെപിയുടെ പണംപറ്റി പൈലറ്റും സംഘവും ഒറ്റാൻ ശ്രമിച്ചെന്ന് ഗെലോട്ട്
- പിളർപ്പ് ഭയന്ന് ഹൈക്കമാൻഡ്

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

നിയമസഭാ തെരഞ്ഞെടുപ്പിലേക്ക് നീങ്ങുന്ന രാജസ്ഥാനിൽ കോൺഗ്രസിന്റെ നില പരുങ്ങലിലാക്കി മുഖ്യമന്ത്രി അശോക് ഗെലോട്ടും മുൻ ഉപമുഖ്യമന്ത്രി സച്ചിൻ പൈലറ്റും തമ്മിൽ വീണ്ടും പരസ്യപോര്. ഗെലോട്ടിന്റെ നേതാവ് സോണിയ ഗാന്ധി അല്ലെന്നും ബിജെപിയുടെ വസുന്ധര രാജെ സിന്ധ്യയാണെന്നും പൈലറ്റ് തുറന്നടിച്ചു. അഴിമതിക്കെതിരെ നടപടി ആവശ്യപ്പെട്ട് അജ്മീറിൽനിന്ന് ജയ്പുരിലേക്ക് ‘ജനസംഘർഷ് യാത്ര'യെന്ന പേരിൽ പദയാത്രയും പൈലറ്റ് പ്രഖ്യാപിച്ചു.

ബിജെപിയുടെ പണം വാങ്ങിയാണ് 2020ൽ പൈലറ്റും സംഘവും സർക്കാരിനെ അട്ടിമറിക്കാൻ ശ്രമിച്ചതെന്ന് ഗെലോട്ട് ആരോപിച്ചതോടെയാണ് കോൺഗ്രസിൽ വീണ്ടും ഗ്രൂപ്പുപോര് മുറുകിയത്. വസുന്ധരയും മറ്റൊരു ബിജെപി നേതാവ് കൈലാസ് മെഘ്‌വാളും സർക്കാരിനെ അട്ടിമറിക്കുന്നതിനോട് യോജിച്ചില്ല. അതുകൊണ്ടാണ് രക്ഷപ്പെടാനായത്. അമിത് ഷായും ഗജേന്ദ്ര ശെഖാവത്തും ധർമേന്ദ്ര പ്രധാനുമാണ് അട്ടിമറിക്ക് ശ്രമിച്ചത്. 10 കോടിയോ 20 കോടിയോ എംഎൽഎമാർക്ക് നൽകി– പൈലറ്റ് വിഭാഗത്തെ അധിക്ഷേപിച്ചുകൊണ്ട് ഗെലോട്ട് പറഞ്ഞു.



ഇതിനുള്ള മറുപടിയായാണ് സോണിയ അല്ല വസുന്ധരയാണ് ഗെലോട്ടിന്റെ നേതാവെന്ന് പൈലറ്റ് പരിഹസിച്ചത്. പണം നൽകി അട്ടിമറിശ്രമം നടത്തിയത് ബിജെപിക്കാരാണെന്ന് അദ്ദേഹം പറയുന്നു. അതേ ബിജെപിക്കാർ രക്ഷിച്ചെന്നും അവകാശപ്പെടുന്നു. ഇതിൽ വൈരുധ്യമുണ്ട്– പൈലറ്റ് പറഞ്ഞു.

സോണിയക്കു പകരം ഗെലോട്ടിനെ കോൺഗ്രസ് പ്രസിഡന്റാക്കി പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞവർഷം നേതൃത്വം ശ്രമിച്ചിരുന്നു. എന്നാൽ, എഴുപതോളം എംഎൽഎമാർ രാജിഭീഷണി മുഴക്കിയതോടെ ആ നീക്കം പാളി. ഇരുപതോളം എംഎൽഎമാരാണ് പൈലറ്റിനൊപ്പമുള്ളത്. ഏറ്റുമുട്ടൽ തുടർന്നാൽ തെരഞ്ഞെടുപ്പിനുമുമ്പ് പിളർപ്പുണ്ടാകുമോയെന്ന ആശങ്കയും ഹൈക്കമാൻഡിനുണ്ട്.







